LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. കൃഷ്ണൻ : ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ നിർമ്മിക്കുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിന് തമിഴ്നാട്ടിൽ ഒരു സംവിധാനമുണ്ട്. അതിന്റെ മാതൃകയിൽ നമ്മുടെ ഈ ഡിസ്ട്രിക്റ്റിൽ നിർമ്മിക്കുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിന് ഒരു സംവിധാനം ഏർപ്പാട് ചെയ്യാൻ തയ്യാറാകുമോ ?

[ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : തമിഴ്നാട്ടിൽ എന്താണ് ഉള്ളതെന്ന് എനിക്ക് ബോദ്ധ്യമായിട്ടില്ല. എന്താണെന്ന് പറഞ്ഞാൽ പരിശോധിക്കാം.

[ശ്രീ. ദാമോദരൻ കാളാശ്ശേരി : മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനുവേണ്ടി മുന്നോട്ടു വന്നിട്ടുള്ള ഹരിജനങ്ങൾക്കും ആദിവാസികൾക്കും വേണ്ടത്ര പ്രാതിനിധ്യം കൊടുക്കുന്നില്ലെന്നുള്ള പരാതി ഉണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

[ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അങ്ങനെയൊരു പരാതി ലഭിച്ചിട്ടില്ല. കൂടുതൽ കൂടുതൽ അങ്ങനെയുള്ള ആളുകൾ ഈ രംഗത്തേയ്ക്ക് വരണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം.

കർഷക തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾ

* 30 [58] [ശ്രീ. പി. കെ. രാഘവൻ :
,, എം. രാമപ്പ :
,, കെ. ജി. കുഞ്ഞുകൃഷ്ണപിള്ള :
,, പി. ഉണ്ണിക്കൃഷ്ണപിള്ള :
,, ഇ. ഗോപാലകൃഷ്ണമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി-തൊഴിൽ മന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക തൊഴിലാളി നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥകൾ ഇനിയും നടപ്പിലാക്കാനുണ്ടോ ;

(ബി) നടപ്പാക്കിയിട്ടുള്ള വ്യവസ്ഥകൾ സ്റ്റേറ്റിലെ മുഴുവൻ തൊഴിലാളികൾക്കും ബാധകമായിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള എന്തെങ്കിലും പ്രത്യേക സംവിധാനം നിലവിലുണ്ടോ ;

(സി) കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളുടെ കിഴക്കൻ താലൂക്കുകളിൽ ഇനിയും നിയമത്തിന്റെ പ്രയോജനം ലഭിച്ചുതുടങ്ങിയിട്ടില്ലെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

കൃഷിയും തൊഴിലും മന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):
(എ) ഉണ്ട്.
(ബി) ഉണ്ട്.
(സി) മുഴുവനായി ലഭിച്ചു തുടങ്ങിയിട്ടില്ലെന്ന് അറിവായിട്ടുണ്ട്.

Shri M. Ramappa: Has it come to the notice of the Government that workers are not getting the benefits of the Act and that they are denied work? If so, what action has been taken to guarantee work to them?

Shri Vakkom Purushothaman: It is a fact that all the provisions of the Act are not successfully implemented in certain areas. For the successful implementation of the provisions of the Act, certain arrangements have been made by the Government. The Deputy Labour Officers and District Labour Officers have been notified as conciliation officers under the Kerala Agricultural Workers Act. The Deputy Collectors have been notified as Tribunals under the Act and there are 12 such Tribunals. In Palghat District, there are 2 Tribunals and in all other districts one each. The Assistant Labour Officers have been notified as Inspectors under the Act. There is one Inspector in each Taluk. Enforcement work of Assistant Labour Officers is supervised by District Labour Officers and Deputy Labour Officers at District levels, and a District Labour Officer (Special) for agricultural labour at Alleppey. In addition to that one Deputy Labour Officer each at Mancombu, Trichur and Palghat are also posted exclusively for enforcement of the Agricultural Workers' Act. At State level the work of enforcement of Kerala Agricultural Workers Act (including other labour laws) is supervised by a Deputy Labour Commissioner (Special) under the direction and control of Labour Commissioner.

Shri M. Ramappa: My question is what action has been taken against those who denied work to the workers?

Shri Vakkom Purushothaman: I have arranged conferences in almost all districts and specific instructions have been given to the Collectors and Superintendent of Police to use the emergency powers against those farmers who deny work. Under no circumstances the Government will tolerate the denial of work to labourers. So in certain cases D.I.R. has been used against those farmers who have denied work to their workers.

[ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : ഈ കർഷകത്തൊഴിലാളി നിയമത്തിലെ പല വകുപ്പുകളും ഇനിയും നടപ്പിലാക്കുന്നതിന് എന്താണ് കാലതാമസമെന്ന് പറയാമോ ?

[ശ്രീ. വക്കം പുരുഷോത്തമൻ : കർഷകത്തൊഴിലാളി നിയമത്തിൽ പ്രൊവിഡൻറ് ഫണ്ടിന്റെ പ്രൊവിഷൻ ഒഴിച്ച് ബാക്കിയെല്ലാം നടപ്പിലാക്കിയിട്ടുണ്ട്. പ്രൊവിഡൻറ് ഫണ്ട് നടപ്പിലാക്കുന്നത് കുറെക്കൂടി സമഗ്രമായ ഒരു കാര്യമാണെന്ന് എല്ലാവർക്കുമറിയാം. അത് പരാജയപ്പെടാതിരിക്കാൻ അത് നടപ്പിലാക്കുമ്പോഴത്തന്നെ വിജയപ്രദമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ്, സ്വീകരിക്കേണ്ടതെന്നുള്ളതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻവേണ്ടി ഒരു സ്പെഷ്യലാഫീസറെ നിയമിച്ചിരുന്നു. അദ്ദേഹം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അത് ഗവൺമെൻറ് പഠിച്ചുകൊണ്ടിരിക്കുകയാണ് അത് നടപ്പിലാക്കുമ്പോഴും പരാജയപ്പെടരുത്, വിജയപ്രദമായിത്തന്നെ നടപ്പിലാക്കണമെന്ന് നിർബന്ധമുള്ളതുകൊണ്ട് അതിനു വേണ്ട പ്രാഥമികമായ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കുഞ്ഞൻ : ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ കർഷകത്തൊഴിലാളി [illegible] നിയമം നടപ്പിലാക്കാൻ ബുദ്ധിമുട്ടുള്ളതുകൊണ്ടാണ് കാലതാമസം വരുന്നതെന്നു പറഞ്ഞു. കർഷകത്തൊഴിലാളി നിയമത്തിൽ ഒരു ഹെക്ടറിനു താഴെയുള്ള കർഷകരെ ഈ നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്തിന്റെ മിക്ക ജില്ലകളിലും എല്ലാ കൃഷിക്കാരും ഭാര്യയും ഭർത്താവും പാർട്ടിഷൻ നടത്തുകയും മൈനറായ കുട്ടികളുടെ പേരിൽ പ്രത്യേകം പ്രത്യേകം ഭാഗം നടത്തുകയും ചെയ്തതിന്റെ ഭാഗമായി ഇന്നു മിക്ക വൻകിട കൃഷിക്കാരും ചെറുകിട കൃഷിക്കാരായി മാറുകയും ഇതിന്റെ ഫലമായി മിക്ക ജില്ലകളിലും കർഷകത്തൊഴിലാളി നിയമത്തിന്റെ ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് കിട്ടാൻ പ്രയാസമായിത്തീരുകയും ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിൽനിന്നും രക്ഷ കിട്ടാൻവേണ്ടി എന്തെല്ലാം നടപടികളാണ് അതിനു എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. വക്കം പുരുഷോത്തമൻ : ഈ പ്രശ്നങ്ങളെല്ലാംതന്നെ ഈ ബിൽ അവതരിപ്പിച്ച് ചർച്ച നടത്തിയപ്പോൾ പറഞ്ഞിട്ടുള്ളതാണ്. കർഷകത്തൊഴിലാളി നിയമത്തിന്റെ ആനുകൂല്യങ്ങൾ നിഷേധിക്കുകയില്ലെന്ന് മാത്രമല്ല ഈ വസ്തുക്കളെല്ലാം തുണ്ടുതുണ്ടായി വീതിച്ചു എന്നു പറയുന്നതും വിശ്വസിക്കാൻ പ്രയാസമാണ്. എങ്കിൽ കൂടിയും തൊഴിലാളികളുടെ ജോലി നിഷേധിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഒരു പക്ഷേ അത് ആക്ടിന്റെ പരിധിക്കകത്ത് വന്നില്ലെങ്കിൽകൂടി ജോലി നിഷേധിക്കുന്ന ഒരു പ്രവണത അനുവദിക്കരുതെന്നുള്ള പ്രത്യേകമായ നിർദ്ദേശം എല്ലാ ഡിസ്ട്രിക്ട് കൗൺസിലുകൾക്കും നൽകിയിട്ടുണ്ട്. ആക്ടിൽ പ്രോവിഷനോന്നുമില്ലെങ്കിൽതന്നെയും ഗവൺമെന്റിനു പൊതുവായ നിയമമുണ്ട്. ഇന്നലെവരെ ജോലി ചെയ്തുകൊണ്ടിരുന്ന തൊഴിലാളിക്ക് ജോലി നിഷേധിക്കുന്നത് ശരിയല്ല. ജോലി നിഷേധിക്കുന്നതിനെതിരായി നടപടികൾ അടുത്തു വരും.

ശ്രീ. പി. കുഞ്ഞൻ: ഒരു ഹെക്ടറിനു താഴെയുള്ള കൃഷിക്കാർക്ക് പെർമനന്റ് വർക്കേഴ്സിനെ വയ്ക്കേണ്ടെന്നുള്ളതുകൊണ്ട് അത്തരം കൃഷിക്കാർ രജിസ്റ്റർ വയ്ക്കുകയോ മിനിമം കൂലി കൊടുക്കുകയോ ചെയ്യുന്നില്ലെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ ?

ശ്രീ. വക്കം പുരുഷോത്തമൻ : ഏതാണ്ട് 20 ലക്ഷത്തോളംവരുന്ന മുഴുവൻ കർഷകത്തൊഴിലാളികൾക്കും ഈ നിയമത്തിന്റെ എല്ലാ വകുപ്പുകളിൽനിന്നുമുള്ള ആനുകൂല്യം ഇന്ന് ലഭിക്കുന്നു എന്ന അഭിപ്രായം ഗവൺമെന്റിനില്ല. അത് ഒരു ദിവസംകൊണ്ടു ലഭിക്കുമെന്ന അഭിപ്രായവുമില്ല. നിരന്തരമായ നടപടികളും മൂലവും തൊഴിലാളി സംഘടനകളുടെ സഹകരണം മൂലവും ഇത് വിജയപ്രദമാക്കാമെന്നാണ് ഗവൺമെന്റ് വിശ്വസിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനെക്കുറിച്ചാണെങ്കിൽ മിനിമം വേജസ് നടപ്പിലാക്കുന്നതിനെക്കുറിച്ചുപോലും മിനിമം വേജസ് നടപ്പിലാക്കിയില്ലെങ്കിൽ ഡി. ഐ. ആർ. അനുസരിച്ചുള്ള നടപടികളും എടുക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതേയവസരത്തിൽത്തന്നെ ഈ സംസ്ഥാനത്തെ മുഴുവൻ കർഷകരെയും ഡി. ഐ. ആർ. പ്രകാരം അകത്താക്കണമെന്നുള്ള അഭിപ്രായം ഗവൺമെന്റിനില്ല. അത് നടപ്പിലാക്കുന്നതിനുവേണ്ടി വൻകിട കർഷകരെ പ്രേരിപ്പിക്കുകയും സമ്മർദ്ദം ചെലുത്തുകയും ചെയ്യണം. എന്നാലും മിനിമം വേജസ് കൊടുക്കാൻ വൻകിട കൃഷിക്കാർ തയ്യാറാകുന്നില്ലെങ്കിൽ അവരുടെ മേൽ നടപടി

കയം സ്വീകരിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. എന്റെ അഭിപ്രായം എല്ലാ തൊഴിലാളി നേതാക്കൻമാരും സഹകരിക്കുകയാണെങ്കിൽ ഗവൺമെന്റിന്റെ ശക്തമായ നടപടികളും ജനങ്ങളുടെ സഹകരണവും കൊണ്ട് ഇത് നടപ്പിലാക്കാൻ സാധിക്കുമെന്നാണ്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) : ബിൽ നടപ്പാക്കുന്നതിലേക്കും പ്രൊവിഡൻറ് ഫണ്ട് നടപ്പാക്കുന്നതിലേക്കും വേണ്ടി ഒരു സ്പെഷ്യലാഫീസറെ നിയമിച്ചുവെന്ന് മന്ത്രി പറഞ്ഞു. പാലക്കാട് ജില്ലയെ സംബന്ധിച്ചിടത്തോളം ഏതാണ്ട് ബില്ല് പാസായി ഒരു കൊല്ലം കഴിയുന്നതിനുമുമ്പ് എൺപത് ശതമാനം കൃഷിക്കാരും ഒരു ഹെക്ടറിന് താഴെയായിട്ടുണ്ടെന്ന് കളക്ടർ തന്നെ പറഞ്ഞിട്ടുണ്ട്. ആ വസ്തുതകൾ റിപ്പോർട്ടിൽ ഉണ്ടോ? റിപ്പോർട്ടിലുണ്ടെങ്കിൽ അതെ സംബന്ധിച്ച് എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. വക്കംപുരുഷോത്തമൻ : പാലക്കാട് ജില്ലയിൽ എൺപത് ശതമാനം കൃഷിക്കാരും ഒരു ഹെക്ടറിന് താഴെയുള്ളവരാണെന്നുള്ള അഭിപ്രായത്തോട് യോജിക്കുന്നില്ല. വളരെ അപൂർവ്വം ചില കൃഷിക്കാർ അത് ചെയ്തുവെന്ന് വരും. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർ എലിയെ പേടിച്ച് ഇല്ലം ചുടുന്നവരല്ല, പൊതുവായി ഈ നിയമത്തിന്റെ പ്രൊവിഷൻസ് അനുസരിച്ച് നടപ്പാക്കുന്ന വകുപ്പുകൾ പ്രത്യേകമുണ്ട്. അതിനു പുറമേതന്നെ ഈ സംസ്ഥാനത്ത് വേറെ നിയമങ്ങൾ ഉണ്ട്. ഇംപ്ലിമെൻറേഷൻ ഓഫ് മിനിമം വേജസ് ഉണ്ട്. ഈ ആക്ടിൽ പ്രിസ്ക്രൈബ്ഡ് വേജസ് പറഞ്ഞിട്ടുണ്ടെങ്കിലും മിനിമം വേജസ് ഇംപ്ലിമെൻറ് ചെയ്യുമ്പോൾ ഒരേക്കറിനു താഴെയുള്ളവരാണോ അല്ലയോയെന്നുള്ള പ്രശ്നമില്ല. അതുപോലെതന്നെ ജോലി നിഷേധിക്കുന്നതിന്റെ കാര്യവും.

ശ്രീ. കെ. സോമശേഖരൻനായർ : കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ കർഷകത്തൊഴിലാളിക്ക് പുരുഷനു രണ്ടു സേർ നെല്ലും സ്ത്രീക്ക് ഒരു സേർ നെല്ലുമാണ് കൂലി കൊടുക്കുന്നത്. രാവിലെ ആറു മണി മുതൽ വൈകുന്നേരം ആറു മണിവരെ ജോലി ചെയ്യിപ്പിക്കുന്നുണ്ട്. ഈ ആക്ടിൽ നടപ്പിൽ വന്നതിനുശേഷം ഇവരുടെ കൂലിയിൽ എന്തെങ്കിലും വർദ്ധമാനമായരീതിയിലുള്ള വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഇന്ന് അവർക്ക് നെല്ലാണോ കൂലികൊടുക്കുന്നത്? എത്ര സേർ നെല്ലാണ് പുരുഷതൊഴിലാളിക്കും സ്ത്രീ തൊഴിലാളിക്കും കൊടുക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : ഓരോ സ്ഥലത്തും എന്തെല്ലാമാണ് എങ്ങനെയെല്ലാമാണ് കൊടുത്തിരുന്നത് എന്നുള്ള ഒന്നും ഗവൺമെൻറിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടില്ല. ഏതെങ്കിലും സ്ഥലത്ത് ഇതിന്റെ ആനുകൂല്യം കിട്ടുന്നില്ലെന്നുണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തിയാൽ ആ പ്രദേശത്ത് കേന്ദ്രീകരിച്ച് ഈ നിയമം നടപ്പാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാം.

ശ്രീ പി. ആർ. ഫ്രാൻസിസ് : ചില പ്രത്യേക കാലഘട്ടത്തിൽ കൂടുതൽ തൊഴിലാളികളെ എടുത്ത് വർക്ക് ചെയ്യിക്കാമെന്ന് നിയമത്തിൽപറഞ്ഞിട്ടുണ്ട് അതിന്റെ മറപിടിച്ചുകൊണ്ട് സ്ഥിരമായി ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തന്നെ തൊഴിൽ കൊടുക്കാതെ ഒന്നിച്ച് കുറച്ച് ആളുകളെവിളിച്ച് ജോലി ചെയ്യിക്കും. സ്ഥിരമായി ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ നിഷേധിക്കുകയും ചെയ്യുന്നു. പലസ്ഥലത്തും അങ്ങനെ നടക്കുന്നുണ്ടെന്നുള്ള വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? അതിനെ നേരിടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ : ഈ പ്രശ്നം നമ്മൾ ഈ സഭയിൽ ചർച്ച ചെയ്തതാണ്. കൃഷിയുടെ സ്വഭാവമനുസരിച്ച് കൂടുതൽ ആളുകളെവിളിക്കാം ഒരു സീസണിൽ പെട്ടന്നു മഴപെയ്താൽ പിറ്റേദിവസം ഓപ്പറേഷൻസ് വേണം. പണ്ട് ജോലി ചെയ്യിച്ചിരുന്ന തൊഴിലാളിയെ കൊണ്ടുമാത്രമേ ജോലി ചെയ്യിക്കാൻ പാടുള്ളുവെന്ന് പറയുകയാണെങ്കിൽ അഗ്രിക്കൾച്ചറൽ ഓപ്പറേഷന് തടസ്സമുണ്ടാകും. ഒരു കർഷകത്തൊഴിലാളി പല കർഷകന്റെ പാടങ്ങളിൽ പണിയെടുക്കുന്നവരാണ്. പെട്ടന്ന് മഴപെയ്യുന്നകിൽ എല്ലാ ആളുകൾക്കും പണി ചെയ്യേണ്ടതായി വരും. അപ്പോൾ തന്റെ രജിസ്റ്ററിലുള്ള തൊഴിലാളികളെ ചിലപ്പോൾ കർഷകന് കിട്ടിയില്ലെന്നുവരും. അങ്ങനെ കിട്ടാതെ വരുന്നതുകൊണ്ടുമാത്രം ജോലിചെയ്യിക്കാൻ കഴിയാതെ വരരുതെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്, ഒരുപക്ഷേ ചിലരെങ്കിലും അത് ദുരുപയോഗപ്പെടുത്തുന്നെങ്കിലും ആ വകുപ്പ് എഴുതിച്ചേർത്തത് പുതിയതായി ആളുകളെ എടുക്കാൻ അവകാശം കൊടുത്തിട്ടുള്ളതുകൊണ്ട് ഒരു കാരണവശാലും തന്റെ രജിസ്റ്ററിലുള്ള തൊഴിലാളിക്ക് ജോലി നിഷേധിക്കാൻ പാടില്ല. അതുപോലെതന്നെ പ്രത്യേകമായി ജോലി നിഷേധിക്കുന്നതിനുവേണ്ടി മാത്രം അഞ്ചുതൊഴിലാളിയെആവശ്യമുണ്ടെങ്കിൽ പത്തുതൊഴിലാളിയെ വിളിച്ച് ജോലി ചെയ്യിക്കുകയാണെങ്കിൽ ഒരു പക്ഷേ നാളെ കുറെപേർക്ക് ജോലി നിഷേധിക്കാൻ കഴിയും. ഏതെങ്കിലും കർഷകൻ ആ നടപടി സ്വീകരിക്കുകയാണെങ്കിൽ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഒരു ഡിസ്പ്യൂട്ട് റെയിസ് ചെയ്യാനുള്ള അവകാശമുണ്ട്. ആവശ്യത്തിൽകൂടുതൽ തൊഴിലാളികളെ എടുത്തിരിക്കുന്നുവെങ്കിൽ അത് തർക്കവിഷയമാണ്. ഡിസ്പ്യൂട്ട്റെയിസ് ചെയ്യാം. ഡിസ്പ്യൂട്ട് റെയിസ് ചെയ്യുകയാണെങ്കിൽ അതിന് പരിഹാരം കാണാനുള്ള നടപടിക്രമങ്ങളും ഉണ്ട്. അത് പരിഹരിക്കാൻ കഴിയും.

ജാമ്യം ലഭിക്കാത്ത രാഷ്ട്രീയ തടവുകാരെ പകൽ സമയത്ത് ലോക്കപ്പ് ചെയ്യുന്നതായി പരാതി

* 31. [59] ശ്രീ. പിണറായി വിജയൻ : * താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി. ഐ. ആർ. കേസുകളിൽ പ്രതികളായ രാഷ്ട്രീയ പ്രവർത്തകർക്ക് ജാമ്യം ലഭിക്കാത്തതുകാരണം ജയിലിൽ കഴിയേണ്ടിവരുമ്പോൾ അവരെ പകൽസമയത്ത് ലോക്കപ്പ് ചെയ്യുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുകൊണ്ട്;

(സി) പകൽസമയത്ത് ലോക്കപ്പ് ചെയ്യുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

വിദ്യുച്ഛക്തിമന്ത്രി (ശ്രീ. എം. എൻ. ഗോവിനന്ദൻനായർ) ‡ :

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

---

* Question put by Shri. M. Sathyanesan.

‡ On behalf of the Chief Minister, the Minister for Electricity answered the questions.

LIBRARY ARCHIVES Kerala Legislative Assembly